بسم الله الرحمن الرحيم

**2009, ഖുത്വ്ബ നമ്പര്‍-49**

04.12.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# പ്രകാശത്തിനു മേല്‍ പ്രകാശം

اَللّٰهُ وَلِیُّ الَّذِیۡنَ اٰمَنُوۡا ۙ یُخۡرِجُهُمۡ مِّنَ
الظُّلُمٰتِ اِلَی النُّوۡرِ ؕ وَالَّذِیۡنَ کَفَرُوۡۤا
اَوۡلِیٰٓـُٔهُمُ الطَّاغُوۡتُ ۙ یُخۡرِجُوۡنَهُمۡ مِّنَ
النُّوۡرِ اِلَی الظُّلُمٰتِ ؕ اُولٰٓئِکَ اَصۡحٰبُ
النَّارِ ۚ هُمۡ فِیۡهَا خٰلِدُوۡنَ ۲۵۸ (2:258)

ഞാന്‍ പാരായണം ചെയ്ത ഈ ആയത്തില്‍ അല്ലാഹു പറയുന്നു:- അല്ലാഹു വിശ്വാസികളായ ആളുകളുടെ മിത്രമായി മാറുന്നു. അവരുടെ മിത്രമായതുകൊണ്ട് അവന്‍ അവരെ അന്ധകാരത്തില്‍ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നു. ഈ ആയത്ത് ഇതിനുമുമ്പുള്ള ഏതോ ഒരു ഖുത്വുബയില്‍ ഞാന്‍ പരാമര്‍ശിച്ചിട്ടുണ്ട്. അവിടെ അല്ലാഹുവിന്റെ വലിയ്യ് എന്ന സിഫത്തിനെ ആസ്പദമാക്കിക്കൊണ്ടാണ് പറഞ്ഞത്. എന്നാല്‍ ഇന്ന് ഞാന്‍ സംസാരിക്കാന്‍ ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ നൂര്‍ എന്ന സിഫത്തിനെ കുറിച്ചാണ്.

**നൂര്‍** എന്ന പദത്തിന് നിഘണ്ടുവില്‍ എഴുതിയിരിക്കുന്ന അര്‍ത്ഥം ഇപ്രകാരമാണ്: നൂര്‍ (പ്രകാശം) എന്നത് അല്ലാഹുവിന്റെ ഗുണവിശേഷങ്ങളില്‍പ്പെട്ട ഒന്നാണ്. ഇബ്നു ആസിറിന്റെ പക്കല്‍ അന്നൂര്‍ എന്നാല്‍ ഏതൊരുവന്റെ പ്രകാശം മുഖേന ഭൗതിക അന്ധത ബാധിച്ച വ്യക്തി കാണുമാറാകുകയും വഴികേടിലായവന്‍ അവന്‍ നല്‍കിയ ഗ്രാഹ്യശക്തി മുഖേന നേര്‍മാര്‍ഗ്ഗത്തില്‍ ചലിക്കുകയും ചെയ്യുന്നുവോ അങ്ങനെയുള്ള അസ്തിത്വത്തിനാണ് പറയുന്നത്. ലിസാനുല്‍ അറബ് എന്ന ഗ്രന്ഥത്തിലാണ് ഈ അര്‍ത്ഥം വന്നിട്ടുള്ളത്. അതില്‍ കൊടുത്തിരിക്കുന്ന മറ്റൊരര്‍ത്ഥം ചിലരുടെ പക്കല്‍ നൂര്‍ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സ്വയം വെളിപ്പെടുകയും മറ്റുള്ള വസ്തുക്കളെ വെളിപ്പെടുത്തുകയും ചെയ്യുന്ന അസ്തിത്വം എന്നാണ്. ഇബ്നു മന്‍സൂര്‍ പറയുന്നു, നൂറുല്ലാഹ്, നൂര്‍ അല്ലാഹുവിന്റെ സിഫത്തുകളില്‍പ്പെട്ടതാണ്. ഉദാഹരണം അല്ലാഹു സ്വയം പറയുന്നു: اَللّٰهُ نُوۡرُ السَّمٰوٰتِ وَالۡاَرۡضِ ഈ ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട് ചിലര്‍ പറഞ്ഞത് ആകാശ ഭൂമികളില്‍ വസിക്കുന്നവര്‍ക്ക് ഹിദായത്ത് (മാര്‍ഗ്ഗ ദര്‍ശനം) നല്‍കുന്നത് അല്ലാഹുവാണ് എന്നാണ്. ചിലരുടെ പക്കല്‍ مَثَلُ نُوۡرِهٖ کَمِشۡکٰوۃٍ فِیۡهَا مِصۡبَاحٌ എന്നതിന്റെ അര്‍ത്ഥം വിശ്വാസികളുടെ ഹൃദയത്തിലുള്ള പ്രകാശത്തിന്റെ ഉദാഹരണം ഒരു തട്ടില്‍ വെച്ച വിളക്ക് പോലെയാണ്. അന്നൂര്‍ എന്നത് വസ്തുക്കളെ കാണാന്‍ സഹായിക്കുന്ന പ്രകാശത്തെക്കുറിച്ചും പറയുന്നു. ഇത് രണ്ട് വിധത്തിലാണ്. ഒന്ന് ഐഹികം, രണ്ട് പാരത്രികം. ഐഹികം എന്നത് രണ്ടുവിധത്തിലുണ്ട്. ഒന്ന് ഉള്‍ക്കാഴ്ചയിലൂടെ മനസ്സിലാക്കുന്ന പ്രകാശം. ഇത് അല്ലാഹുവിന്റെ കാര്യങ്ങളില്‍ ചിതറിക്കിടക്കുന്നതാണ്. ഉദാ:- ബുദ്ധിയുടെ പ്രകാശം, ഫുര്‍ഖാന്റെ പ്രകാശം. നിഘണ്ടു കര്‍ത്താക്കള്‍ അര്‍ത്ഥം വിവരിക്കുമ്പോള്‍ ചില ആയത്തുകള്‍ ഉദാഹരണമായി നല്‍കാറുണ്ട്. നൂറെ ഇലാഹി (ദൈവിക പ്രകാശത്തെ)ക്കുറിച്ച് അല്ലാഹു പറയുന്നു:

قَدۡ جَآءَکُمۡ مِّنَ اللّٰهِ نُوۡرٌ وَّکِتٰبٌ مُّبِیۡنٌ ۱۶ (5:16)

അതായത് നിങ്ങള്‍ക്ക് അല്ലാഹുവിന്റെ പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. വീണ്ടും പറയുന്നു:

وَجَعَلۡنَا لَهٗ نُوۡرًا یَّمۡشِیۡ بِهٖ فِی النَّاسِ کَمَنۡ
مَّثَلُهٗ فِی الظُّلُمٰتِ لَیۡسَ بِخَارِجٍ مِّنۡهَا ؕ (6:123)

നാം പ്രകാശം നല്‍കുകയും അതുംകൊണ്ട് ജനങ്ങളില്‍ നടക്കുകയും ചെയ്യുന്ന വ്യക്തി, അന്ധകാരത്തില്‍പെട്ട് അതില്‍നിന്ന് പുറത്ത് കടക്കാന്‍ കഴിയാത്ത വ്യക്തിയെപ്പോലെയാകുമോ?

ചില പണ്ഡിതന്മാര്‍ പറയുന്നത് അല്ലാഹു തന്റെ പേര് നൂര്‍ (പ്രകാശം) എന്ന് വെക്കാനുള്ള കാരണം, എല്ലാ വസ്തുക്കളേയും പ്രകാശിപ്പിക്കുന്നവന്‍ അവന്‍ ആയതുകൊണ്ടാണ് എന്നാണ്. അതുപോലെ പ്രകാശം നല്‍കുന്ന ജോലി കൂടുതലായി അവന്‍ ചെയ്യുന്നു. അതുകൊണ്ടാണ് അവന്‍െറ നാമം (നൂര്‍ ) പ്രകാശം എന്ന് പറയുന്നത്. അതിന് വിശുദ്ധഖുര്‍ആനിലെ اَللّٰهُ نُوۡرُ السَّمٰوٰتِ وَالۡاَرۡضِ എന്ന ആയത്ത് തെളിവായി നല്‍കുന്നു. അല്ലാഹുവിന്റെ പ്രകാശം ഒന്നു കൊണ്ടു മാത്രമേ ആകാശഭൂമികളുടെ യാഥാര്‍ത്ഥ്യം മനസ്സിലാക്കാന്‍ സാധിക്കുകയുള്ളു. തന്റെ മിത്രങ്ങളെ അവന്‍ ഈ പ്രകാശം കൊണ്ട് പൂരിതമാക്കുന്നു.

വിശുദ്ധ ഖുര്‍ആനില്‍ അല്ലാഹു സ്വയം തന്നെ اَللّٰهُ نُوۡرُ السَّمٰوٰتِ وَالۡاَرۡضِ എന്നു പറഞ്ഞിരിക്കുന്നു.അതിന്ന് നിഘണ്ടു കര്‍ത്താക്കള്‍ പറഞ്ഞ അര്‍ത്ഥം ഞാന്‍ പറയുകയുണ്ടായി. അതിന് ഉദാഹരണം നല്‍കിക്കൊണ്ട് പറയുകയാണ്, അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാണ്. എന്നാല്‍ ഈ പ്രകാശം മനുഷ്യനില്‍ പതിയുമ്പോള്‍ അത് അവനെ എങ്ങനെ പ്രകാശപൂരിതമാക്കുന്നു? ഇത് സൂറ: നൂറിലുള്ള ആയത്താണ്. അല്ലാഹു പറയുന്നു:

اَللّٰهُ نُوۡرُ السَّمٰوٰتِ وَالۡاَرۡضِ ؕ مَثَلُ
نُوۡرِهٖ کَمِشۡکٰوۃٍ فِیۡهَا مِصۡبَاحٌ ؕ اَلۡمِصۡبَاحُ
فِیۡ زُجَاجَۃٍ ؕ اَلزُّجَاجَۃُ کَاَنَّهَا کَوۡکَبٌ
دُرِّیٌّ یُّوۡقَدُ مِنۡ شَجَرَۃٍ مُّبٰرَکَۃٍ زَیۡتُوۡنَۃٍ
لَّا شَرۡقِیَّۃٍ وَّلَا غَرۡبِیَّۃٍ ۙ یَّکَادُ زَیۡتُهَا
یُضِیۡٓءُ وَلَوۡ لَمۡ تَمۡسَسۡهُ نَارٌ ؕ نُوۡرٌ عَلٰی
نُوۡرٍ ؕ یَهۡدِی اللّٰهُ لِنُوۡرِهٖ مَنۡ یَّشَآءُ ؕ
وَیَضۡرِبُ اللّٰهُ الۡاَمۡثَالَ لِلنَّاسِ ؕ وَاللّٰهُ
بِکُلِّ شَیۡءٍ عَلِیۡمٌ ۳۶ (24:36)

അർത്ഥം.: അല്ലാഹു ആകാശ ഭൂമികളുടെ പ്രകാശമാണ്, ആ പ്രകാശത്തിന്റെ ഉദാഹരണം ഒരു തട്ടുപോലെയാണ്, അതിൽ ഒരു വിളക്കുണ്ട്. ആ വിളക്ക് ഒരു സ്ഫടികക്കൂട്ടിലാണ്. ആ സ്ഫടിക ക്കൂട് ഒരു മിന്നിത്തിളങ്ങുന്ന നക്ഷത്രം പോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ - പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലീവ് വൃക്ഷത്തിന്റെ- എണ്ണകൊണ്ടാണ് കത്തിക്കപ്പെടുന്നത്. അതിന്റെ എണ്ണയെ തീ സ്പർശിച്ചിട്ടില്ലെങ്കിലും അത് സ്വയം പ്രകാശിക്കുന്നു. പ്രകാശത്തിനുമേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് അല്ലാഹു നയിക്കുന്നു. ജനങ്ങൾക്കുവേണ്ടി അല്ലാഹു ഉദാഹരണങ്ങൾ വിവരിക്കുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനാണ്.

ഈ ആയത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയ വ്യാഖ്യാനം ഇതിന്ന് മുമ്പ് ഞാൻ വിശദീകരിച്ചിരുന്നു. ഇന്ന് ഞാൻ അതിന്റെ ചുരുക്കം പറഞ്ഞുകൊണ്ട് നബികരീം (സ) തിരുമേനിയുടെ സഹാബാക്കൾ ഈ പ്രകാശം എങ്ങനെ കരസ്ഥമാക്കി എന്ന് പറയുന്നതാണ്. ഈ പ്രകാശം നബികരീം(സ) ക്ക് മാത്രമാണോ ലഭിക്കുക എന്ന് ചിലർക്ക് സംശയമുണ്ടാകും. തീർച്ചയായും അല്ലാഹുവിന്റെ പ്രകാശം എല്ലാ വസ്തുക്കളിലും വ്യാപിച്ചു കിടക്കുന്നു. ഈ ആയത്തിൽ അല്ലാഹു ആദ്യമായി വിളംബരം ചെയ്യുന്നത് :

اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ (അല്ലാഹു ആകാശ ഭൂമികളുടെ പ്രകാശമാണ് ) എന്നാണ്. അതുകൊണ്ട് എല്ലാ വസ്തുക്കളും അവന്റെ പ്രകാശത്തിൽ നിന്നാണ് അനുഗ്രഹം തേടുന്നത്, തേടാൻ സാധിക്കുന്നത്. അവനില്ലാതെ കണ്ട് സ്വന്തം മനുഷ്യന്റെ കഴിവുകൊണ്ടോ അറിവ്കൊണ്ടോ അവന്റെ പ്രകാശം കരസ്ഥമാക്കാൻ സാധിക്കുന്നതല്ല. അവൻ ഉദ്ദേശിക്കുകയാണെങ്കിൽ അത് ലഭിക്കുന്നു. ഈ പ്രകാശം എങ്ങനെയാണ്, എന്തിനാണ്? ആകാശഭൂമികളെ സൃഷ്ടിക്കുന്നവൻ അവൻ തന്നെയാണ്. സൃഷ്ടിച്ചത് അവനായത് കൊണ്ട് പ്രകാശവും നൽകുന്നത് അവൻ തന്നെ. ഭൗതികവും ആത്മീയവുമായ പ്രകാശം. ഇതിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. ഉദാഹരണത്തിന് അവൻ പറയുന്നു:

اَللّٰهُ الَّذِىْ خَلَقَ السَّمٰوٰتِ وَالْاَرْضَ ( 14:33)

അല്ലാഹു ആകാശഭൂമികളെ സൃഷ്ടിക്കുകയും അതിലുള്ളതിനേയും സൃഷ്ടിക്കുകയും മനുഷ്യന് വേണ്ടി അധീനപ്പെടുത്തുകയും ചെയ്തു. ചുരുക്കത്തിൽ, യഥാർത്ഥ പ്രകാശം അല്ലാഹു തന്നെയാണ്. ആ പ്രകാശം കാണുന്ന എല്ലാവർക്കും എല്ലാ വസ്തുക്കളിലും ആത്മാവിലും ശരീരത്തിലും എല്ലാം കാണാവുന്നതാണ്. എന്നാൽ ആത്മീയാന്ധനായ ഒരാൾക്ക് ഈ പ്രകാശം കാണാൻ സാധിക്കുകയില്ല. എന്നാൽ ഒരു സത്യവിശ്വാസി, മനുഷ്യർക്ക് അറിവുള്ളതും അറിവില്ലാത്തതുമായ പ്രപഞ്ചമെല്ലാം സൃഷ്ടിക്കുന്നതും അതിന്റെ പ്രകാശം നിലനിർത്തുന്നതുമെല്ലാം അല്ലാഹുവാണെന്ന് പരിപൂർണ്ണമായി വിശ്വസിക്കുന്നു. ഈ പ്രകാശത്തെ ശരിക്കും മനസ്സിലാക്കുന്നതിനു വേണ്ടി പ്രവാചകന്മാരെയും വരിഷ്ഠ ദാസന്മാരെയും അയക്കുന്നു. അവർ അല്ലാഹുവിൽ നിന്ന് പ്രകാശം കരസ്ഥമാക്കുന്നു. അത് ആകാശത്തിൽ നിന്നാണ് ഇറങ്ങുന്നത്. അതിനുശേഷം അവർ ആ പ്രകാശത്തെ ലോകത്ത് വ്യാപിപ്പിക്കുന്നു. ആകാശത്തിൽ നിന്ന് ഇറങ്ങി പ്രവാചകന്മാർ മുഖേന വ്യാപിപ്പിക്കപ്പെടുന്ന ഈ പ്രകാശത്തിന്റെ ഉപമ ഈ ആയത്തിൽ പറഞ്ഞിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഈ പ്രകാശം നബി കരീം (സ) തിരുമേനിയിൽ എങ്ങനെ തിളങ്ങി എന്നതിനെ സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു, ഇത് അതിമഹത്തായ ഒരു സ്ഥാനമാണ്. ഇത് ഖിയാമത്ത് നാൾ വരെ നിലനിൽക്കുന്നതാണ്. അവർ അല്ലാഹുവിന്റെ പ്രകാശത്തിന്റെ നിഴലായിക്കൊണ്ട് അത് ലോകത്ത് സ്ഥാപിക്കുന്നു. നബി കരീം (സ) ഈ പ്രകാശത്തെ വ്യാപിപ്പിച്ചു. ഇത് നബി കരീം (സ) തിരുമേനിയുടെ ജീവിത കാലത്ത് മാത്രം പരിമിതപ്പെടുത്തപ്പെട്ടില്ല. മറിച്ച്, അത് ഇന്നും വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നു.

നബി കരീം (സ) തിരുമേനിയുടെ പ്രകാശത്തെക്കുറിച്ച് ചുരുക്കത്തിൽ വീണ്ടും പറയുകയാണ്. اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ (അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാണ്) മനുഷ്യന് മനസ്സിലാകുന്നതിനു വേണ്ടി അതിന്റെ ഉദാഹരണങ്ങൾ വിവരിക്കുന്നു. അതിന്റെ ഉപമ വിളക്ക് പോലെയാണ്. ആ വിളക്ക് ഉയർന്ന സ്ഥലത്ത് വെച്ചിരിക്കുന്നു. ഈ തട്ട് നബി കരീം (സ) തിരുമേനിയുടെ നെഞ്ചാണ്. ഈ തട്ടിൽ ഒരു വിളക്കുണ്ട്. ഈ വിളക്ക് എന്നത് നബി കരീം (സ) തിരുമേനിക്ക് ഇറങ്ങിയ അല്ലാഹുവിന്റെ വെളിപാടാണ്. ഈ വിളക്ക് ഒരു സ്ഫടികക്കൂട്ടിലാണ്. ഈ കൂട് നബി കരീം (സ) ന്റെ ഹൃദയമാണ്. അത് പൂർണ്ണമായും പരിശുദ്ധവും പവിത്രവുമാണ്. ഈ കൂട് നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതുപോലെ മിന്നിത്തിളങ്ങുന്നു. അത് നല്ലവണ്ണം പ്രകാശം നൽകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് നബി കരീം (സ) തിരുമേനിയുടെ ഹൃദയമാണ്. അതിന്റെ ഉള്ളിലുള്ള പ്രകാശം ബാഹ്യമായ ശരീരത്തിൽ വെള്ളം പോലെ ഒഴുകിക്കൊണ്ടിരിക്കുന്നു. പിന്നീട് അല്ലാഹു തന്റെ ഉപമ വിവരിച്ചുകൊണ്ട് തുടർന്നു പറയുന്നു: ആ വിളക്ക് അനുഗൃഹീതമായ ഒലീവ് വൃക്ഷത്തിന്റെ എണ്ണകൊണ്ട് പ്രകാശിതമാണ്. ഇവിടെ അനുഗ്രഹീതമായ വൃക്ഷം എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് നബി കരീം (സ) തിരുമേനിയുടെ വ്യക്തിത്ത്വമാണ്. അത് മുഴുവൻ ശ്രേഷ്ഠതയുടേയും അനുഗ്രഹത്തിന്റെയും ഉറവിടമാണ്. അത് ഖിയാമത്ത് നാൾവരെ നിലനിൽക്കുന്നതാണ്. നബി കരീം (സ) തിരുമേനി പരിപൂർണ്ണമനുഷ്യനായതുകൊണ്ട് ഈ കാര്യം നിലനിൽക്കുന്നതാണ്. ഖിയാമത്ത് നാൾവരെ അങ്ങയെപ്പോലുള്ള ഒരാളും ജനിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: പാശ്ചാത്യവും പൗരസ്ത്യവും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇസ് ലാമിക അദ്ധ്യാപനങ്ങളാണ്. അത് ഏതെങ്കിലും ഒരു ഭാഗത്തേക്ക് ചായുന്നതല്ല. സോഷ്യലിസമോ കമ്മ്യൂണിസമോ കാപിറ്റലിസമോ അല്ല. മറിച്ച് മധ്യവർത്തിയായ അദ്ധ്യാപനമാണ്. അത് മനുഷ്യാവകാശത്തെ വിശദീകരിക്കുന്നു. ലോകത്ത് ശാന്തിയും സമാധാനവും നിലനാട്ടുന്നു. തുടർന്ന് പറയുന്നത് ആ എണ്ണ സ്വയം പ്രകാശിതമാകുന്നതാണ് എന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഇത്കൊണ്ട് ഉദ്ദേശിക്കുന്നത് നബി കരീം (സ) തിരുമേനിയുടെ പ്രകാശപൂരിതമായ ബുദ്ധിയാണ്. ഇത് പോലെ തന്നെയാണ് മുഴുവൻ ധാർമ്മികഗുണവും. അത് അദ്ദേഹത്തിന്റെ പ്രകൃതമായി മാറിയിരിക്കുകയാണ്. نُوْرٌ عَلٰى نُوْرٍ എന്നത് കൊണ്ടുള്ള ഉദ്ദേശ്യം ഈ എല്ലാ സവിശേഷതകളും അടങ്ങിയിട്ടുള്ള മനുഷ്യനിൽ അല്ലാഹു തന്റെ പ്രകാശമിട്ടു, അതായത് ദൈവികബോധനത്തിന്റെ പ്രകാശം.ആത്മീയ ലോകത്ത് അതിനൊരു ഉപമയുമില്ല. ആ വിധത്തിലുള്ള പ്രകാശം സൃഷ്ടിക്കപ്പെട്ടു. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചിട്ടുള്ളതിന്റെ ചുരുക്കം. ഇതിന്റെ വിശദീകരണം മുമ്പത്തെ ഒരു ഖുത്വുബയിൽ പരാമർശിച്ചിട്ടുണ്ട്. യഥാർത്ഥ പ്രകാശം എന്നുള്ളത് നബി കരീം (സ) തിരുമേനിയിൽ ഇറങ്ങിയിട്ടുള്ള ശരീഅത്തിലും നബി കരീം (സ) തിരുമേനിയുടെ ജീവിത മാതൃകയിലുമാണുള്ളത്. نُوْرٌ عَلٰى نُوْرٍ ആയിട്ടുള്ള പരിപൂർണ്ണമനുഷ്യൻ വന്നതിനു ശേഷം

കഴിഞ്ഞു പോയ എല്ലാ ശരീഅത്തുകളും അവസാനിച്ചിരിക്കുന്നു. ഈയൊരു അധ്യാപനം മുഖേന മാത്രമേ അല്ലാഹുവിന്റെ പ്രകാശം കരസ്ഥമാക്കാൻ സാധിക്കുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി കരീം (സ) തിരുമേനിയുടെ കാമിൽ ഇൻസാൻ (പരിപൂർണ്ണ മനുഷ്യൻ ) എന്ന സ്ഥാനത്തെക്കുറിച്ച് ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു:

മനുഷ്യന് നൽകപ്പെട്ട അഥവാ പരിപൂർണ്ണ മനുഷ്യന് നൽകപ്പെട്ട ആ ഉന്നത പ്രകാശം അത് മലക്കുകളിലുണ്ടായിരുന്നില്ല, നക്ഷത്രങ്ങളിലുണ്ടായിരുന്നില്ല, ചന്ദ്രനിലുണ്ടായിരുന്നില്ല, സൂര്യനിലുമുണ്ടായിരുന്നില്ല. ആ പ്രകാശം ഭൂമിയിലുള്ള സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. അത് മുത്തിലോ രത്നത്തിലോ പവിഴത്തിലോ ഇല്ലായിരുന്നു. ചുരുക്കത്തിൽ ആകാശഭൂമികളിലുള്ള ഒരു വസ്തുവിലും അത് ഉണ്ടായിരുന്നില്ല. അത് വെറും മനുഷ്യനിൽ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതായത്, തികച്ചും പരിപൂർണ്ണനായ മനുഷ്യനിൽ. പരിപൂർണ്ണതയിൽ സർവ്വസമ്പൂർണ്ണനും തികവാർന്നവനും മഹത്ത്വമുടയവനും അത്യുന്നതനുമായ വ്യക്തിത്വം നമ്മുടെ സയ്യിദും മൗലായും ആയ, പ്രവാചകന്മാരുടെ നേതാവും ജീവനുള്ളവരുടെ നേതാവുമായ ഹദ്റത്ത് മുഹമ്മദ് നബി (സ) ആണ്. ചുരുക്കത്തിൽ, ആ പ്രകാശം മനുഷ്യനാണ് നൽകപ്പെട്ടത്. അതേപോലെതന്നെ ആ പരിപൂർണ്ണമനുഷ്യനെ അനുധാവനം ചെയ്യുന്നവർക്കും അവരുടെ ആത്മീയ പ്രഭാവത്തിനനുസരിച്ച് ആ പ്രകാശം ലഭിക്കുന്നു.

അമാനത്ത് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പരിപൂർണ മനുഷ്യന് നൽകപ്പെട്ട എല്ലാ കഴിവുകളും ബുദ്ധിയും അറിവും ജീവനും ഇന്ദ്രിയങ്ങളും ഭയം, സ്നേഹം, പ്രതാപം ,ആദരവ് എന്നിവയും അതുപോലെ അല്ലാഹു പരിപൂർണ്ണ മനുഷ്യന് നൽകുന്ന ഭൗതികവും ആത്മീയവുമായ എല്ലാ കഴിവുകളുമാണ് . ഇതെല്ലാം പരിപൂർണ്ണ മനുഷ്യൻ اِنَّ اللّٰهَ يَاْمُرُكُمْ اَنْ تُؤَدُّوا الْاَمٰنٰتِ اِلٰٓى اَهْلِهَا ۙ എന്ന ആയത്തനുസരിച്ച് എല്ലാ സൂക്ഷിപ്പു മുതലും അല്ലാഹുവിനു തിരിച്ചു നൽകുന്നു. അതായത് അവന്റേതായിത്തീർന്നുകൊണ്ട് അവന്റെ മാർഗ്ഗത്തിൽ വഖ്ഫ് ചെയ്യുന്നു. ഈ കാര്യങ്ങളൊക്കെ പരിപൂർണ്ണമായ നിലയിൽ നമ്മുടെ യജമാനനായ, നമ്മുടെ മാർഗ്ഗദർശകനായ, നിരക്ഷര പ്രവാചകനും സത്യസന്ധനും സത്യപ്പെടുത്തുന്നവനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയിൽ കണ്ടു വരുന്നു.

നബി കരീം (സ) തിരുമേനിക്ക് ഈ സ്ഥാനം അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്നാണ് കരസ്ഥമായത്. നബി കരീം (സ) തിരുമേനി ഈ പ്രകാശം സഹാബിമാർക്ക് പകർന്നു നൽകിക്കൊണ്ട് അവരിലും ഉന്നതമായ ധാർമ്മിക നിലവാരം നിലനിർത്തുകയുണ്ടായി. നബി കരീം (സ) തിരുമേനി തന്റെ സഹാബാക്കളെ നക്ഷത്രങ്ങളോടാണ് സാദൃശ്യപ്പെടുത്തിയത്. നിങ്ങൾ അവരിൽ ആരുടെ പിന്നാലെ നടക്കുകയാണെങ്കിലും നിങ്ങൾക്ക് പ്രകാശം ലഭിക്കുന്നതാണ്. അല്ലാഹുവിലേക്ക് പോകാനുള്ള മാർഗ്ഗം ലഭിക്കുന്നതാണ്. നിരക്ഷരരായ അറബികൾ നബി കരീം (സ) തിരുമേനിയിൽ നിന്നും ലഭിച്ച ഈ പ്രകാശം കാരണമായി അല്ലാഹുവുമായിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിനും ഉന്നതതമാ യ ധാർമ്മിക ഗുണങ്ങൾ സ്വായത്തമാക്കാനുമുള്ള മാതൃകകളായി മാറി. അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്ന് പ്രകാശം കരസ്ഥമാക്കിയതിന്റെ ഫലമായി അവർ റളിയല്ലാഹു അൻഹും ( അല്ലാഹു അവരിൽ തൃപ്തിപ്പെട്ടു ) എന്ന അംഗീകാരത്തിന് അർഹരായി മാറി. അങ്ങനെ പിന്നീട് വരുന്നവർക്ക് പ്രകാശം കാണിക്കാനുള്ള കാരണക്കാരായി അവർ മാറി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ സഹാബാക്കളെക്കുറിച്ച് പറയുന്നു: അവർ റസൂൽ കരീം (സ) തിരുമേനിയെ അനുസരിക്കുന്നതിൽ മുഴുകിയിരിക്കുന്നു. ഏതൊരു പ്രകാശം നബി കരീം (സ) തിരുമേനിക്ക് ഉണ്ടായിരുന്നുവോ, ആ പ്രകാശം അനുസരണമാകുന്ന ചാലിൽക്കൂടെ ഒഴുകി സ്വഹാബാക്കളുടെ ഹൃദയങ്ങളിൽ വീണുകൊണ്ടിരുന്നു. അല്ലാഹുവല്ലാത്ത മറ്റു വിചാരങ്ങളെ അവർ തുണ്ടം തുണ്ടമാക്കി വലിച്ചെറിഞ്ഞു. അവരുടെ ഹൃദയത്തിൽ അന്ധകാരത്തിനു പകരം പ്രകാശം നിറയ്ക്കാറുണ്ടായിരുന്നു. ഹദീസിൽ വന്നിരിക്കുന്നു, നബി കരീം (സ) തിരുമേനി പറയുകയുണ്ടായി, *''അല്ലാഹു അല്ലാഹു ഫീ അസ്ഹാബീ''* എന്റെ സ്വഹാബാക്കളുടെ ഹൃദയത്തിൽ വെറും അല്ലാഹു, അല്ലാഹു എന്നു മാത്രമാണുള്ളത്. ആകാശഭൂമികളുടെ പ്രകാശമായിട്ടുള്ള അല്ലാഹു നബി കരീം (സ) തിരുമേനിയുടെ സ്വഹാബാക്കൾക്ക് ശേഷവും ആ പ്രകാശം നിറുത്തലാക്കിയിട്ടില്ല. ഞാൻ പറഞ്ഞതുപോലെ നബി കരീം (സ) തിരുമേനി ഈ പ്രകാശം അല്ലാഹുവിൽ നിന്നാണ് കരസ്ഥമാക്കിയത്. അവിടുന്ന് എന്നെന്നും നൽകിക്കൊണ്ടിരിക്കുന്ന ഒരു ഉറവിടമാണ്. ഇസ്‌ലാമിക ശരീഅത്ത് ഒന്നുമാത്രമാണ് ഖിയാമത്ത് നാൾ വരെ നിലനിൽക്കുന്ന ശരീഅത്ത്. നബി കരീം (സ) തിരുമേനിയോടുള്ള സ്നേഹത്തിൽ മുങ്ങിയതിന്റെ ഫലമായി അല്ലാഹുത്തആല ഈ കാലഘട്ടത്തിൽ ആകാശത്തിൽ നിന്ന് ഇറങ്ങുന്ന ഈ പ്രകാശത്തോടുകൂടി ഹദ്റത്ത് മസീഹ് മൗഊദി (അ) നെ അയക്കുകയുണ്ടായി, അല്ലാഹുവിന്റെ ആ പ്രകാശത്തെക്കുറിച്ചുള്ള അറിവ് നമ്മുടെ ഹൃദയത്തിലും ഉണ്ടായിത്തീരുന്നതിനുവേണ്ടി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെക്കുറിച്ച് ഇപ്രകാരമാണ് പറയുന്നത്:

എന്റെ ഏതൊരു സൽപ്രവൃത്തി സ്വീകരിച്ചുകൊണ്ടാണ് ഈ ദൈവികാനുഗ്രഹം ലഭിച്ചതെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. സ്വാഭാവികമായും എന്റെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള ആത്മാർത്ഥമായ ഒരു ആകർഷണം ഞാൻ അനുഭവിക്കുന്നു. അത് ഒരു തടസ്സം കൊണ്ടും ഇല്ലാതായിത്തീരുന്നതല്ല.

വീണ്ടും അദ്ദേഹം പറയുന്നു: ഒരിക്കൽ നടന്ന സംഭവമാണ്. ഞാൻ വരിഷ്ഠനായ പരിപൂർണ്ണനായ മനുഷ്യനെ സ്വപ്നത്തിൽ കാണുകയുണ്ടായി. ആത്മീയമായ അവസ്ഥ കൈവരിക്കുന്നതിന് നോമ്പ് അനുഷ്ഠിക്കുകയെന്നത് നബി കരീം (സ) തിരുമേനിയുടെ സുന്നത്താണെന്ന് പറഞ്ഞുതന്നുകൊണ്ട് ഈ സുന്നത്ത് നടപ്പിൽ വരുത്തേണ്ടതാണെന്ന് പറയുകയുമുണ്ടായി. അതുകൊണ്ട് കുറച്ചു കാലം നോമ്പനുഷ്ഠിക്കുന്നത് ഗുണകരമായിരിക്കുമെന്ന് എനിക്ക് തോന്നി. അങ്ങനെ ഈ സ്വപ്നം കണ്ടതിന്റെ ഫലമായി കുറച്ചു നോമ്പനുഷ്ഠിക്കാമെന്നു വിചാരിച്ചു. എന്നാൽ ഈ കാര്യം ആരും അറിയരുതെന്ന് മനസ്സിൽ വിചാരിച്ചു. ഇതിനുവേണ്ടി അദ്ദേഹം തന്റെ വീട്ടിനു പുറത്തുള്ള ഒരു മുറിയിലേക്ക് മാറുകയുണ്ടായി. അവിടേക്ക് തന്റെ ആഹാര പാനീയങ്ങൾ കൊണ്ടുവരാൻ പറഞ്ഞു. കൊണ്ടുവരുന്ന ഭക്ഷണത്തിലെ അധിക ഭാഗവും യത്തീം കുട്ടികൾക്ക് വിതരണം ചെയ്യുകയും അതിൽ കുറച്ചുഭാഗം മാത്രം ഹദ്റത്ത് മസീഹ് മൗഊദ് (അ) കഴിക്കുകയുമായിരുന്നു ചെയ്തിരുന്നത്. ഈ നോമ്പിന്റെ കാലയളവിൽ അദ്ദേഹം കടന്നുപോയിട്ടുള്ള അനുഭവങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് അദ്ദേഹം പറയുകയാണ്:

ഇത്തരത്തിലുള്ള നോമ്പിന്റെ അനുഭവങ്ങളിൽ ഒന്ന് ആ കാലഘട്ടത്തിൽ എനിക്കുണ്ടായ ആത്മീയമായ ജാഗ്രാദർശനങ്ങളാണ്.

ആ അവസരത്തിൽ കഴിഞ്ഞുപോയ ചില പ്രവാചകന്മാരുമായി കൂടിക്കാഴ്ച നടത്തി. ഈ ഉമ്മത്തിലെ കടന്നുപോയിട്ടുള്ള ഉന്നതന്മാരായ ഔലിയാക്കളുമായി കൂടിക്കാഴ്ച നടത്തി. ഒരിക്കൽ ജാഗ്രാവസ്ഥയിൽ തന്നെ നബി കരീം (സ) തിരുമേനിയേയും ഹസ്സൻ, ഹുസ്സൈൻ (റ) യേയും അലി (റ) നേയും ഫാത്ത്വിമ (റ) യേയും കാണുകയുണ്ടായി. ഇതിനു പുറമെ, ആത്മീയപ്രകാശം ആലങ്കാരികമായി പല നിറങ്ങളുള്ള തൂണുകളായി കാണുകയുണ്ടായി. അത് വിവരിക്കുക എന്നത് എന്റെ കഴിവിനധീതമാണ്. ആ പ്രകാശിക്കുന്ന തൂണുകൾ നേരെ ആകാശത്തിലേക്കാണ് പോയത്. അതിൽ തിളങ്ങുന്ന വെള്ള നിറമുള്ളതും ചിലത് പച്ച നിറമുള്ളതും ചിലത് ചുവപ്പു നിറമുള്ളതുമായിരുന്നു. അത് കണ്ടപ്പോൾ ഹൃദയത്തിൽ ഒരു ആനന്ദം ഉണ്ടാക്കുന്ന വിധത്തിലുള്ള ഒരു ബന്ധം ഉണ്ടായിരുന്നു. അതിനെക്കണ്ട് ഹൃദയത്തിലുണ്ടായ ആ അനുഭൂതി മറ്റൊരു കാര്യത്തിലുമുണ്ടായിരുന്നില്ല. സ്വപ്നത്തിൽ കാണിക്കപ്പെട്ട തൂണുകൾ അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആലങ്കാരിക രൂപമായിട്ടായിരിക്കാമെന്ന് ഞാൻ വിചാരിക്കുന്നു. ഒന്നാമത്തേത് ഹൃദയത്തിൽ നിന്ന് പുറപ്പെട്ടിട്ടുള്ള ഒരു പ്രകാശമായിരുന്നു. രണ്ടാമത്തെ പ്രകാശം മുകളിൽ നിന്ന് ഇറങ്ങിയതാണ്. രണ്ട് പ്രകാശങ്ങളും കൂടിച്ചേർന്നതിന്റെ ഫലമായി ഒരു തൂണിന്റെ രൂപമുണ്ടായി. ഈ എല്ലാ സ്ഥാനങ്ങളും, അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ അല്ലാഹുവിന്റെ പ്രകാശം ഇറങ്ങുക എന്നതും നബി കരീം (സ) തിരുമേനിയെ പരിപൂർണ്ണമായി പിൻപറ്റിയതിന്റെ ഫലമായി ലഭിച്ചതാണ്. ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ഒരിക്കൽ ഇപ്രകാരം ഇൽഹാമുണ്ടായി. അതിന്റെ അർത്ഥം ഇപ്രകാരമാണ്: മലക്കുകൾ അന്യോന്യം കലഹിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ വിശദീകരിച്ചുകൊണ്ട് പറയുകയാണ്: അതായത് അല്ലാഹുവിന്റെ ഉദ്ദേശ്യത്തിൽ ദീനിനെ പുനരുജ്ജീവിപ്പിക്കുക എന്നതിൽ ഒരാവേശം കാണുന്നു. എന്നാൽ അതിന് അനുയോജ്യനായ ഒരാളെ ഇതേ വരെ ലഭിച്ചില്ല. അതുകൊണ്ട് അവർ ഭിന്നാഭിപ്രായത്തിലാണ്. ഈ സ്വപ്നത്തിൽ തന്നെ ജനങ്ങൾ ഒരാളെ അന്വേഷിക്കുന്നതായി കണ്ടു. കൂട്ടത്തിൽ ഒരാൾ എന്റെ അടുത്ത് വന്നുകൊണ്ട് ഹാദാ റജ്‌ലുൻ യുഹിബ്ബു റസൂലുല്ലാഹ് (ഈ വ്യക്തി റസൂൽ കരീം (സ) തിരുമേനിയെ അങ്ങേയറ്റം സ്നേഹിക്കുന്നു) എന്നു പറഞ്ഞു. ഇതിൽ നിന്നും ഒന്നാമത്തെ നിബന്ധന മനസ്സിലാക്കാൻ സാധിക്കുന്നത് റസൂൽ കരീം (സ) തിരുമേനിയോടുള്ള സ്നേഹമാണ്. അത് ഈ വ്യക്തിയിൽ രൂഢമൂലമായിട്ടുണ്ട്.

ചുരുക്കത്തിൽ അല്ലാഹുത്തആല തന്റെ പ്രകാശം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഇറക്കിക്കൊണ്ട് ആ പ്രകാശം ലോകത്ത് വ്യപിപ്പിക്കുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ നിയോഗിക്കുകയുണ്ടായി. നബി കരീം (സ) തിരുമേനിക്ക് ഇറക്കിയിട്ടുള്ള അതേ പ്രകാശം. ഇതൊക്കെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ലഭിച്ചത് നബി കരീം (സ) തിരുമേനിയെ അങ്ങേയറ്റം സ്നേഹിച്ചതിന്റെ ഫലമായിട്ടാണ്. ഈ സ്നേഹം കാരണമായി അല്ലാഹുവും അദ്ദേഹത്തെ സ്നേഹിക്കുകയുണ്ടായി. നബി കരീം (സ) തിരുമേനിയെ സ്നേഹിക്കുന്ന കാരണത്താൽ തിരുമേനിക്ക് ശേഷം ആകാശ ഭൂമികളിൽ വ്യാപിച്ചു കിടക്കുന്ന അല്ലാഹുവിന്റെ ഈ പ്രകാശത്തിന്റെ തണലായി ഹദ്റത്ത് മസീഹ് മൗഊദ് (അ) മാറുകയുണ്ടായി. നബി കരീം (സ) തിരുമേനിയുടെ പരിശുദ്ധ ഹൃദയത്തിൽ ഇറങ്ങിയിട്ടുള്ള ദൈവിക വെളിപാട്, അതിന്റെ ജ്ഞാനങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നും നൽകപ്പെട്ടു, ഈ അദ്ധ്യാപനങ്ങളുടെ യഥാർത്ഥ വ്യഖ്യാനം ഇന്നതാണെന്ന് പറഞ്ഞുകൊടുക്കുന്നതിനു വേണ്ടി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഭൗതികമായ ഒരു പ്രശസ്തിയും ആഗ്രഹിച്ചിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ പ്രകാശം ആരിലെങ്കിലും ഇറങ്ങാൻ തീരുമാനിക്കപ്പെട്ടാൽ അല്ലാഹു സ്വയം തന്നെ ആ വ്യക്തിക്ക് പേരും പ്രശസ്തിയും നൽകുന്നു. അല്ലാഹുവിന്റെ ഈ പ്രകാശം പരത്തുന്നതിന് നിമിത്തമായിത്തീരുന്നതിനുവേണ്ടി. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ഇൽഹാമിലൂടെ അറിയിക്കുകയുണ്ടായി, നീ അവനിൽ നിന്നാണ്. മുഴു ലോകത്തിനു വേണ്ടിയും നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. നീ പ്രപഞ്ചത്തിന്റെ പ്രകാശമാണ്. നീ അല്ലാഹുവിന്റെ പ്രതാപമാണ്. അവൻ നിന്നെ ഉപേക്ഷിക്കുന്നതല്ല. അല്ലയോ ജനങ്ങളേ! നിങ്ങളുടെ പക്കൽ അല്ലാഹുവിന്റെ പ്രകാശം വന്നിരിക്കുന്നു. നിങ്ങൾ ഒരിക്കലും നിഷേധികളാകരുത്.

ഈ പ്രകാശം ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ അല്ലാഹു സ്വയം ഇറക്കിയതാണ്. അദ്ദേഹത്തിന്റെ പരിശുദ്ധ പ്രകൃതം കാരണമായി അല്ലാഹുവുമായിട്ടുള്ള ബന്ധം പ്രത്യേകമായ നിലയിൽ സ്ഥാപിതമായി. നബി കരീം (സ) തിരുമേനിയോടുള്ള സ്നേഹം കാരണമായി നബി കരീം (സ) ന്റെ വിശുദ്ധീകരിക്കാനുള്ള കഴിവ് മുഖേന നബി (സ) തിരുമേനിയുടെ സ്വഹാബാക്കളുടെ ഹൃദയങ്ങളിൽ ഒഴുകിയ ആ പ്രകാശം, 1400 വർഷങ്ങൾക്ക് ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഹൃദയത്തിലും ഒഴുകിത്തുടങ്ങി. മാത്രമല്ല, ഈ പ്രകാശം വ്യാപിപ്പിക്കുന്നതിനുള്ള സ്ഥാനവും ആ മഹാത്മാവിനു നൽകി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

അല്ലാഹു എന്നിൽ സന്തോഷവാനാണെന്ന കാര്യം തന്നെ എനിക്ക് മതിയായതാണ്. മസീഹ് മൗഊദ് എന്ന് പറയപ്പെടാനോ, ഹദ്റത്ത് മസീഹിനേക്കാൾ ശ്രേഷ്ഠനാണെന്ന് പറയപ്പെടാനോ ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഞാൻ ഗോപ്യമായ നിലയിലായിരുന്നു ഉണ്ടായിരുന്നത്. ആരും എന്നെ അറിഞ്ഞിട്ടില്ലായിരുന്നു. ആരെങ്കിലും എന്നെ തിരിച്ചറിയണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നുമില്ല. നിഗൂഢതയിൽ കഴിയുന്ന എന്നെ അവൻ നിർബന്ധിച്ച് പുറത്തേക്ക് കൊണ്ടുവന്നു. ഞാൻ ഗോപ്യമായി ജീവിക്കാനും ഇതേ അവസ്ഥയിൽ മരിക്കാനുമാണ് ആഗ്രഹിച്ചതാണ്. പക്ഷേ, അല്ലാഹു പറഞ്ഞു: ഞാൻ നിനക്ക് ആദരവോടുകൂടി ലോകത്ത് പ്രശസ്തി നൽകുന്നതാണ്. അല്ലാഹു തന്റെ പ്രകാശം കൊണ്ട് ആരെയെങ്കിലും പൂരിതമാക്കുന്നുവെങ്കിൽ അത് മുഴുലോകത്തിലും പ്രകടമാക്കുന്നുവെന്നത് അല്ലാഹുവിന്റെ രീതിയാണ്. മനുഷ്യനിർമ്മിതമായ പ്രകാശം അതിന്റെ അടയാളം പ്രകടമാക്കുമെന്നിരിക്കെ, പിന്നെ അല്ലാഹുവിന്റെ പ്രകാശം എങ്ങനെ മറച്ചുവെക്കാൻ സാധിക്കും? അല്ലാഹു തന്റെ പ്രകാശം ദാസന് നൽകുകയും തന്റെ പ്രകാശം ആകാശഭൂമികളിൽ വ്യപിച്ചു കിടക്കുന്നു എന്ന് വിളംബരം ചെയ്യുകയും ചെയ്യുന്നു. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ പ്രകാശം തന്റെ പ്രത്യേക അനുഗ്രഹം കൊണ്ട് അവന്റെ പ്രത്യേക ദാസനിൽ ഇറക്കുന്നതിലൂടെ അവന്റെ സർവ്വസാധാരണമായ അനുഗ്രഹത്തിന്റെ വരദാനം തുടങ്ങിയിരിക്കുന്നു എന്നാണ്. അതുകൊണ്ട് അല്ലാഹുവിന്റെ പ്രത്യേക ദാസന്മാരുമായി ബന്ധപ്പെടുക. അപ്പോൾ നിങ്ങളിലും ഈ പ്രകാശം ഇറങ്ങുന്നതാണ്, അത് ചെറിയ തട്ടിലാണെങ്കിലും സ്ഫടികത്തിലാണെങ്കിലും. ഒരു സത്യവിശ്വാസിയുടെ ആത്മീയമായ അവസ്ഥക്കനുസരിച്ച് അത് അവർക്ക് ലഭിക്കുന്നു. പക്ഷേ, ഒരാൾ ബന്ധപ്പെടുകയാണെങ്കിൽ ഈ പ്രകാശത്തിൽ നിന്ന് ഭാഗഭാക്കായിക്കൊണ്ട് പ്രകാശത്തെ വ്യാപിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ പ്രകാശം ഏതെങ്കിലും സത്യവിശ്വാസിയിൽ എത്തുകയാണെങ്കിൽ അവരെ അതിൽ

അനുഗൃഹീതമാക്കിക്കൊണ്ട് മറ്റുള്ളവരും ഈ പ്രകാശം വ്യാപിപ്പിക്കുന്നവരായി മാറുന്നതാണ്. ഈ പ്രകാശം കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ വരിഷ്ഠദാസന്മാരുടെ ജീവിതമാതൃക പിൻപറ്റാൻ ശ്രമിക്കേണ്ടതാണ്. ഇബാദത്തിലും ധാർമ്മിക ഗുണത്തിലും, മര്യാദയിലും ഒരു ആവേശത്തോടുകൂടി പരിശ്രമിക്കുകയും അല്ലാഹുവിന്റെ കൽപനക്കനുസരിച്ചുകൊണ്ട് നബി കരീം (സ) തിരുമേനിയെ പിൻപറ്റുകയും ചെയ്യേണ്ടതാണ്. അതിനെ സംബന്ധിച്ച് അല്ലാഹു നബി കരീം(സ)തിരുമേനിയോട് ഇപ്രകാരം പറയുകയുണ്ടായി:

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ (3:32)

പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്നെ പിൻപറ്റുക, അതിന്റെ ഫലമായി അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. ഈ സ്നേഹമാണ് സ്വഹാബാക്കൾ നബി കരീം (സ) തിരുമേനിയോട് കാണിച്ചത്. അപ്പോൾ അവരും അല്ലാഹുവിന്റെ പ്രകാശത്താൽ പൂരിതമായി. ഈ ഒരു സ്നേഹമാണ് ഈ കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി (സ) തിരുമേനിയോട് കാണിച്ചത്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിന്റെ സ്നേഹഭാജനമായിക്കൊണ്ട് ഈ കാലഘട്ടത്തിൽ ആ പ്രകാശം വ്യാപിപ്പിക്കുന്നവനായി മാറുകയുണ്ടായി. ഇന്ന് ആർക്കെങ്കിലും അല്ലാഹുവിനോടും റസൂൽ (സ) തിരുമേനിയോടും സ്നേഹമുണ്ടെന്ന വാദമുണ്ടെങ്കിൽ അത്തരം ആളുകൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി ബന്ധപ്പെടേണ്ടത് നിർബന്ധമാണ്. ഇത് അല്ലാഹുവിന്റെ കൽപനകളിൽ പെട്ടതാണ്. ഇത് തന്നെയാണ് നബി കരീം (സ) തിരുമേനിയുടെയും കൽപന. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഇതു കാരണമായി ഖിലാഫത്തുമായി ബന്ധപ്പെട്ടു കിടക്കുന്നു. അല്ലാഹു പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തിയ ആ പ്രകാശം ഖിലാഫത്തിലൂടെ കരസ്ഥമാക്കുന്നു. ഇതിന്റെ ഏറ്റവും ഉന്നതമായ സ്ഥാനം ഞാൻ പറഞ്ഞതുപോലെ നബി കരീം (സ) തിരുമേനിയുടെ വ്യക്തിത്ത്വമാണ്. അതിന്റെ പുനരവതരണം നബി കരീം (സ) തിരുമേനിയുടെ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ലൂടെ അല്ലാഹു പ്രകടമാക്കി. ചുരുക്കത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി ബന്ധപ്പെട്ടാൽ മാത്രമേ ഈ പ്രകാശം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. അതുപോലെത്തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി പരിപൂർണ്ണമായി ബന്ധപ്പെട്ടാൽ മാത്രമേ ലോകത്ത് സമാധാനം പുനഃസ്ഥാപിക്കപ്പെടുകയുള്ളൂ. എന്തുകൊണ്ടെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) മാത്രമാണ് നബി കരീം (സ) തിരുമേനിയുടെ ഈ നിർദ്ദേശം പൂർത്തിയാക്കിയിട്ടുള്ളത്. രഞ്ജിപ്പിലൂടെയും, സ്നേഹത്തിലൂടെയും ഈ ബന്ധം ഉറപ്പിക്കാൻ ഉപദേശിച്ചുകൊണ്ട് അല്ലാഹുവിന്റെ നിയമങ്ങളെ നിലനിർത്തിക്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം പൂരിതമാക്കുന്നു. ലോകത്തിൽ സമാധാനത്തിന്റെ ധ്വജവാഹകരായി മാറുന്നു.

നബി കരീം(സ)തിരുമേനിയുടെ പ്രഖ്യാപനം ''യള്ഹുൽ ഹർബ'' മസീഹ് വന്നാൽ യുദ്ധം നിർത്തലാക്കുന്നതാണ് എന്നാണ്. യുദ്ധം നിർത്തലാക്കുന്നതാണെന്ന നബി കരീം (സ) തിരുമേനിയുടെ ഈ പ്രഖ്യാപനം മുഖേന ലോകത്ത് സമാധാനം വ്യാപിക്കുന്നതാണ്. നബി കരീം (സ) തിരുമേനിയുടെ ഈ നിർദേശത്തിന്റെ വെളിച്ചത്തിൽ എന്നെന്നേക്കുമുള്ള ഖിലാഫത്ത് അതിനെ വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) തന്റെ തഫ്സീറിൽ നൂർ(പ്രകാശം) എന്ന വിഷയത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഈ കാര്യം സൂചിപ്പിക്കുകയുണ്ടായി. അതായത്, ഈ പ്രകാശം ലോകത്ത് വ്യാപിപ്പിക്കുന്നതിന് മൂന്ന് കാര്യങ്ങൾ ആവശ്യമാണ്. (1) ഉലുഹിയ്യത്ത് അഥവാ അല്ലാഹുവിന്റെ അസ്തിത്ത്വം. (2) നുബുവ്വത്ത് (3) ഖിലാഫത്ത്. ഏതുവരെ വിശ്വാസി തന്റെ വിശ്വാസവും അതനുസരിച്ചുള്ള സൽപ്രവൃത്തിയും നിലനിറുത്തുന്നുവോ അതുവരെ ഈ പ്രകാശത്തിന്റെ കാലയളവ് ദീർഘിച്ചുകൊണ്ടിരിക്കും.

അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്ന് അനുഗ്രഹം തേടിക്കൊണ്ടിരിക്കാനുള്ള തൗഫീഖ് നമുക്ക് ലഭിച്ചുകൊണ്ടിരിക്കട്ടെ. അല്ലാഹുവിന്റെ പ്രകാശം ഒരിക്കലും നമുക്ക് നഷ്ടപ്പെടാതിരിക്കുമാറാകട്ടെ. നമ്മുടെ മറ്റുള്ള മുസ്ലിംകളും ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ ദിനേന പാശ്ചാത്യനാടുകളിൽ ഇസ്ലാമിന്നെതിരിൽ ഉയർന്നുക്കൊണ്ടിരിക്കുന്ന ആക്ഷേപങ്ങൾ ഉന്നയിക്കാൻ എതിരാളികൾ ഒട്ടും ചങ്കൂറ്റം കാണിക്കുമായിരുന്നില്ല. ഐക്യത്തിലാണ് ശക്തിയുള്ളത്. ഇത് നിലനിർത്തുന്നതിനു വേണ്ടിയാണ് അല്ലാഹുത്തആല ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അയച്ചത്.

കഴിഞ്ഞ ദിവസം സ്വിറ്റ്സർലാന്റിൽ പള്ളിയുടെ മിനാരത്തെ ച്ചൊല്ലി ഒരു ബഹളം പൊട്ടിപ്പുറപ്പെടുകയുണ്ടായി. മിനാരം കൊണ്ട് ഇവർക്ക് എന്താണ് ബുദ്ധിമുട്ടുള്ളതെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. ഇവരുടെ ചർച്ചിലും മിനാരമുണ്ടല്ലോ. ഈ മിനാരം തകർക്കുകയാണെങ്കിൽ തീവ്രവാദികളുടെ തീവ്രവാദം ഇല്ലാതായിത്തീരുമോ? ഏതായിരുന്നാലും ഇതും ഇസ്ലാമിനോടുള്ള ശത്രുതയുടെ ഒരു ഭാഗമാണ്. അതിന്റെ പിന്നിലും വലിയ ഗൂഢതന്ത്രങ്ങളുള്ളതായി മനസ്സിലാകുന്നു. ഇതൊരു തുടക്കം മാത്രമാണെന്നു തോന്നുന്നു. മറ്റുള്ള ആവശ്യങ്ങളും അവർ ഉന്നയിക്കുന്നതാണ്. അല്ലാഹു തന്റെ അനുഗ്രഹത്താൽ ഇസ്ലാമിനെ ഇവരുടെ അതിക്രമത്തിൽ നിന്ന് രക്ഷപ്പെടുത്തുമാറാകട്ടെ. ഇസ്ലാമിന്റെ ശത്രുക്കളുടെ എല്ലാ ഗൂഢപദ്ധതികളും അല്ലാഹു പരാജയപ്പെടുത്തട്ടെ എന്ന് നാം ദുആ ചെയ്യേണ്ടതാണ്.

**വിവർത്തനം**
മൗലവി എം. സഫർ അഹ്മദ് കോഴിക്കോട്
മുബല്ലിഗ് , **PHONE : 9633275123**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 04 - 12 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**